
# ഇസ്‌ലാമിക ഖിലാഫത്തിന്റെ തിരിച്ചുവരവ് പ്രവചിക്കുന്ന കൃതി

**ഹാർഡ്‌വാർഡിലെ** നിയമപഠന വിഭാഗത്തിൽ പ്രഫസറാണ് നോഹ് ഫെൽഡ്മാൻ. *After Jihad, Divided by God, What We Owe Iraq* എന്നീ കൃതികളുടെ കർത്താവ്. പക്ഷേ 200-ൽ താഴെ പേജുകൾ മാത്രമുള്ള അദ്ദേഹത്തിന്റെ ഏറ്റവും ഒടുവിലത്തെ പുസ്തകമായ *The Fall and Rise of The Islamic State* (2008) ആണ് ഏറെ ശ്രദ്ധിക്കപ്പെട്ടതും വിവാദങ്ങൾക്ക് കളമൊരുക്കിയതും. മുസ്‌ലിം ലോകത്തുടനീളമുള്ള ബഹുജനങ്ങൾ ശരീഅത്ത് നടപ്പിലാക്കണമെന്ന് മുറവിളി കൂട്ടുന്നത് എന്തുകൊണ്ട് എന്ന ചോദ്യത്തിനുള്ള ഏറെക്കുറെ സത്യസന്ധമായ മറുപടിയാണിത്. ഇസ്‌ലാമിക ഖിലാഫത്ത് നിലനിന്ന കാലങ്ങളിൽ ഭരണകർത്താക്കളും ശരീഅത്തിനെ വ്യാഖ്യാനിച്ചിരുന്ന പണ്ഡിതന്മാരും തമ്മിൽ ഒരു ശാക്തിക സന്തുലനം നിലനിന്നിരുന്നു. ഉസ്മാനിയാ ഖിലാഫത്തിന്റെ അവസാന നാളുകളിൽ പാശ്ചാത്യർ സമ്മർദത്തിലൂടെ കടത്തിക്കൂട്ടിയ 'ഭരണപരിഷ്കാരങ്ങൾ' ആണ് ഖിലാഫത്തിന്റെ തകർച്ചക്ക് വഴിയൊരുക്കിയത്. പണ്ഡിതസമൂഹം നിഷ്കാസിതമാവുകയും എല്ലാറ്റിന്റെയും അധികാരം ഭരണാധികാരികൾ കൈയടക്കുകയും ചെയ്തു.



*നോഹ് ഫെൽഡ്മാൻ*

ഖിലാഫത്ത് സംവിധാനം തകർക്കപ്പെട്ടെങ്കിലും അത് തിരിച്ചുവരാനുള്ള സാധ്യത വളരെ കൂടുതലാണെന്നാണ് ഫെൽഡ്മാൻ സമർഥിക്കുന്നത്. സാധാരണഗതിയിൽ ഒരു സാമ്രാജ്യവും അതിന്റെ ഭരണസംവിധാനവും തകർന്നു കഴിഞ്ഞാൽ പിന്നെയത് തിരിച്ചുവരില്ല. ഇതിന് അപവാദമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നത് ജനാധിപത്യത്തെയും ഇസ്‌ലാമിക ശരീഅത്തിനെയുമാണ്. റോമൻഭരണത്തിൽ ജനാധിപത്യ സംവിധാനം ഉണ്ടായിരുന്നു. അത് വീണ്ടെടുക്കപ്പെട്ടു. അത്തരമൊരു വീണ്ടെടുപ്പാണ് ഇസ്‌ലാമിക ശരീഅത്തിന്റെ കാര്യത്തിലും സംഭവിക്കാനിരിക്കുന്നത്.




ശരീഅത്ത് ഭരണസംവിധാനങ്ങളിൽ തിരിച്ചെത്തുകയാണെങ്കിൽ അതൊരിക്കലും പഴയ രൂപഘടനയിലായിരിക്കില്ലെന്നും ഗ്രന്ഥകാരൻ തറപ്പിച്ചു പറയുന്നുണ്ട്. അതിന്റെ മുഖ്യ പ്രമോട്ടർമാരായ ഇഖ്‌വാനുൽ മുസ്‌ലിമൂൻ ആധുനിക ജനാധിപത്യ സംവിധാനങ്ങളെ അംഗീകരിക്കുന്നതുകൊണ്ട് പുതിയൊരു ഭാവത്തിലും ശൈലിയിലുമായിരിക്കും അത് രംഗപ്രവേശം ചെയ്യുക. പക്ഷേ അത് എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ച് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് വ്യക്തമായ ധാരണയില്ല. ഇറാനിൽ സംഭവിച്ചതുപോലെ അധികാരം മുഖ്യ പണ്ഡിതനിലേക്ക് കേന്ദ്രീകരിക്കപ്പെടുകയാണെങ്കിൽ അത് സംഘർഷം വളർത്താനേ ഉതകൂ എന്നും അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു.

“പലപ്പോഴും മനസ്സിലാക്കപ്പെടാതിരിക്കുകയോ തെറ്റായി മനസ്സിലാക്കപ്പെടുകയോ ചെയ്യുന്ന ഇസ്‌ലാമിക സ്റ്റേറ്റിന്റെ യഥാർഥ പ്രകൃതമെന്ത് എന്ന മുഖ്യ വിഷയമാണ് ഫെൽഡ്മാൻ ഉയർത്തിക്കൊണ്ട് വന്നിരിക്കുന്നത്. മതപരമോ പ്രത്യയശാസ്ത്രപരമോ ആയ ചായ്‌വുകൾ കൈവെടിഞ്ഞ്, മുസ്‌ലിം ലോകത്ത് ഇന്ന് എന്തു സംഭവിക്കുന്നു എന്നറിയാൻ ഗ്രന്ഥകാരന്റെ വ്യക്തവും അനുകമ്പാപൂർണവുമായ വാദമുഖങ്ങൾ വായനക്കാരനെ സഹായിക്കും എന്ന് ഞാൻ കരുതുന്നു”- പുസ്തകത്തെക്കുറിച്ച് അക്ബർ എസ് അഹ്മദ് എഴുതുന്നു. 'ഇസ്‌ലാമിക ഭീകരതക്ക് വളംവെച്ചുകൊടുക്കുന്നു' എന്ന രൂക്ഷ വിമർശനവുമായി സയണിസ്റ്റ്-നവയാഥാസ്ഥിതികർ രംഗത്തുണ്ട്. ■


## എസ്.ഐ.ഒ പഴയ വീഡിയോകൾ

എസ്.ഐ.ഒവിന്റെ കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനാനുഭവങ്ങൾ മുൻനിർത്തി വീഡിയോ ഡോക്യുമെന്ററി പുറത്തിറക്കാനുദ്ദേശിക്കുന്നു. എറണാകുളം സമ്മേളനം, ഹിന്ദു-മുസ്‌ലിം ഡയലോഗ്, പാലക്കാട് ആശയസംവാദം തുടങ്ങി VHS, VCD, DVD കൾ കൈവശമുള്ളവർ എത്തിച്ചുതരാൻ താൽപര്യപ്പെടുന്നു. കോപ്പി എടുത്ത് തിരിച്ചുനൽകുന്നതാണ്.

**സെക്രട്ടറി,**
**എസ്.ഐ.ഒ കേരള സോൺ**
**യു.കെ.എസ് റോഡ്,**
**കോഴിക്കോട്-1**

# ജംഇയ്യത്തുൽ ഉലമായെ ഹിന്ദിലെ ഗ്രൂപ്പ് യുദ്ധം

**അറബി** അറിയലാണ് ഉലമാ പട്ടം കിട്ടാനുള്ള യോഗ്യതയെങ്കിൽ മധ്യപൗരസ്ത്യ ദേശത്തും വടക്കനാഫ്രിക്കയിലുമുള്ള 25 കോടി അറബ് ജനത്തെയും (അവരിൽ നല്ലൊരു പങ്ക് ക്രിസ്ത്യാനികളാണ്) ഉലമാക്കളായി കാണേണ്ടിവരില്ലേ? ചോദിക്കുന്നത് സുറൂർ അഹ്മദ് (*റേഡിയൻസ്* ഇംഗ്ലീഷ് വാരിക, 2008 ഏപ്രിൽ 19). ഇന്ത്യയിലെ ഏറ്റവും വലിയ മുസ്‌ലിം പണ്ഡിത സംഘടനയെന്ന് വിശേഷിപ്പിക്കപ്പെടുന്ന ജംഇയ്യത്തുൽ ഉലമായെ ഹിന്ദിൽ അടുത്ത കാലത്തുണ്ടായ പിളർപ്പിന്റെ കാരണമന്വേഷിച്ച് പോയതാണ് ലേഖകൻ. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന് ശേഷം 'ഉലമ' എന്ന പ്രയോഗത്തിന് വല്ലാതെ അർഥശോഷണം വന്നുപോയിട്ടുണ്ട്. അറബി അക്ഷരങ്ങൾ കൂട്ടി വായിക്കാനറിയുന്നവർ താടി നീട്ടി അതിനൊപ്പിച്ച വേഷഭൂഷകൾ അണിഞ്ഞാൽ ഉലമാ പട്ടം കിട്ടുമെന്നുറപ്പ്. തങ്ങൾ ജീവിക്കുന്ന കാലഘട്ടത്തെക്കുറിച്ച് യാതൊരു വിവരവും ഇല്ലെങ്കിലും പ്രശ്നമില്ല. പ്രവാചകന്റെ അനുയായികളിൽ ജൂത ഭാഷയായ ഹീബ്രുവിൽ വരെ പ്രാവീണ്യമുള്ള ബഹുഭാഷാ പണ്ഡിതന്മാരുണ്ടായിരുന്നു. സംസ്കൃതമോ ഹീബ്രുവോ പഠിക്കുന്നത് മതവിരുദ്ധമെന്ന് ഫത്‌വ കൊടുക്കാൻ മടിയില്ലാത്തവരാണ് ഇക്കാലത്തെ ഉലമ.

ഇസ്‌ലാമും മുസ്‌ലിംകളും അത്യന്തം അപകടകരമായ ഒരു ഘട്ടത്തിലൂടെ കടന്നുപോവുമ്പോൾ വഴികാട്ടികളായി മുന്നിൽ നടക്കേണ്ട പണ്ഡിതന്മാർ പണത്തിനും അധികാരത്തിനും വേണ്ടി കടിപിടികൂടുന്നതിന് വേറെയും കാരണങ്ങളുണ്ടെന്ന് സുറൂർ അഹ്മദ്. ഇത്തരം ഉലമ പഠിച്ച് പാസ്സായി വരുന്ന സിലബസ് തന്നെ പ്രധാന പ്രശ്നം. മിക്ക മതകലാലയങ്ങളിലും ഖുർആന്റെ അർഥമോ ആശയമോ പഠിപ്പിക്കുന്നില്ല. ഫിഖ്ഹിന്നാണ് പ്രാധാന്യം മുഴുവൻ. ഖുർആന്റെയും ഹദീസിന്റെയും ആശയം ഉൾക്കൊള്ളാത്ത ഈ പണ്ഡിതനിര ഇങ്ങനെ തമ്മിൽ തല്ലിയില്ലെങ്കിലേ അത്ഭുതമുള്ളൂ.



*മഹ്മൂദ് മദനിയും അർശദ് മദനിയും*

90 വർഷം പിന്നിട്ട ജംഇയ്യത്തുൽ ഉലമയുടെ പ്രസിഡന്റായിരുന്ന അർശദ് മദനിയാണ് പുറത്താക്കപ്പെട്ടിരിക്കുന്നത്. 2006 ഫെബ്രുവരിയിൽ അന്തരിച്ച അസ്അദ് മദനിയുടെ സഹോദരനാണ് ഇദ്ദേഹം. പുറത്താക്കാൻ നേതൃത്വം കൊടുത്തതോ സംഘടനയുടെ ജനറൽ സെക്രട്ടറിയും അസ്അദ് മദനിയുടെ മകനുമായ മഹ്മൂദ് മദനി. ഇതൊരു കുടുംബകലഹമായി ചുരുക്കിക്കാണാൻ വയ്യ. സംഘടനയുടെ വമ്പിച്ച ആസ്തികൾ കൈവശപ്പെടുത്തുക എന്നതിൽ കവിഞ്ഞ ലക്ഷ്യമൊന്നും ഇരുപക്ഷത്തിനുമില്ല.

ജംഇയ്യത്തിലെ ആഭ്യന്തരകുഴപ്പങ്ങൾ തൊള്ളായിരത്തി അറുപതുകളിൽ തുടങ്ങിയിട്ടുണ്ട്. അന്ന് മുഫ്തി അതീഖുർറഹ്മാൻ ഉസ്മാനിയും മൗലാനാ ഫഖ്റുദ്ദീനും തമ്മിൽ പ്രസിഡന്റ് സ്ഥാനത്തിനുവേണ്ടി ഗ്രൂപ്പ് യുദ്ധം മുറുകി. അതിൽ വിജയിച്ചത് മുഫ്തി അതീഖുർറഹ്മാൻ. 1988-ൽ അസ്അദ് മദനി വർക്കിംഗ് കമ്മിറ്റിയംഗമായ സയ്യിദ് അഹ്മദ് ഹശ്മിയെ പുറത്താക്കിയപ്പോൾ അത് മറ്റൊരു പിളർപ്പിന് വഴിവെച്ചു. ഹശ്മി രൂപം കൊടുത്തതാണ് മില്ലി ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് എന്ന സംഘടന. ഈ ഭിന്നതകളൊന്നും ആശയപരമല്ല എന്നതാണ് വസ്തുത. ■

# 'അന്നഹ്ദ' വേറിട്ട ഒരുപഹാരം

**ലോകമുസ്‌ലിം** സമൂഹങ്ങളെ കണ്ണി ചേർക്കുന്നത് അറബിഭാഷയാണ് എന്ന യാഥാർഥ്യബോധത്തിൽനിന്നാണ് കേരളത്തിലെ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ അജണ്ടയിൽ ഒരു അറബി മാഗസിൻ കടന്നുവന്നത്. പ്രസ്ഥാനത്തിന്റെ ദാർശനിക ഭൂമിക ഭദ്രമാക്കേണ്ട മതകലാലയ വിദ്യാർഥികൾക്കിടയിൽ അതിനൊരു പൊതു ഇടം ലഭിച്ചേക്കാം. എസ്.ഐ.ഒ സംഘടിപ്പിച്ച അറബിക് സെമിനാറിനോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച 'അന്നഹ്ദ' വ്യത്യസ്തമാകുന്നത് അതുകൊണ്ടാണ്.




പൂർണമായും വിദ്യാർഥികളുടെ ശ്രമമാണ് 'അന്നഹ്ദ' എന്നത് അതിനെ വ്യതിരിക്തമാക്കുന്നു. ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തെ ആഴത്തിൽ പരിചയപ്പെടുത്തുന്ന ഉപഹാരമാണ് 'അന്നഹ്ദ'. പ്രസ്ഥാനം നിലയുറപ്പിച്ച ആദർശാടിത്തറയെക്കുറിച്ചും അതിന്റെ പ്രവർത്തന പരിപാടികളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. വിദ്യാർഥിപ്രസ്ഥാനം പിന്നിട്ട ഇരുപത്തിയഞ്ച് വർഷങ്ങൾ, അറിവിനോടും പഠനത്തോടും അതിന്റെ നിലപാട്, രൂപീകരണ പശ്ചാത്തലം തുടങ്ങിയ ലേഖനങ്ങൾക്കുപുറമെ ഒരു പ്രസ്ഥാനത്തെ കാലത്തോട് ചേർത്തുകെട്ടാൻ അനിവാര്യമായ തജ്ദീദിന്റെ വിവക്ഷ കൂടി വിവരിക്കുന്നു.

ഇരുപത്തിനാല് പേജിൽ ഒതുങ്ങുന്നുവെങ്കിലും ഫ്രണ്ട് കവർ, പേജ് ഡിസൈനിംഗ്, ലേ ഔട്ട് എന്നിവക്ക് എടുത്തുപറയത്തക്ക മേന്മയുണ്ട്. കേരളത്തിലെ മതകലാലയ വിദ്യാർഥികളുടെ മുഖപത്രമായി ഇതിന് വികസിക്കാൻ കഴിയണം. ■